**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2036** **18.07.2016- ൽ മറുപടിക്ക്**

**<u>പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, കെ.എസ് ശബരീനാഥൻ<br>,, അടൂർ പ്രകാശ് | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുണ്ടായിരുന്നതെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും 01.02.2012-ലെ സ.ഉ (പി) നം.13/2012/പൊ.മ.വ പ്രകാരം പി.ഡബ്ല്യു.ഡി മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |
| (സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ? | (സി) 01.02.2012-ലെ സ.ഉ (പി) നം.13/2012/പൊ.മ.വ പ്രകാരം പി.ഡബ്ല്യു.ഡി മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. 21.03.2012-ലെ സ.ഉ (പി) നം.32/2012/പൊ.മ.വ പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കുന്നതിനും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഭേദഗതി ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ ഏതാനും ചില വിഷയങ്ങളിൽക്കൂടി ഭേദഗതി ആവശ്യമാണ്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ